**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

23.01.2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.323

## ആർദ്രം മിഷന്റെ പ്രവർത്തന പുരോഗതി

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ<br>,, കെ.സുരേഷ് കുറുപ്പ്<br>,, എ. എൻ. ഷംസീർ<br>,, ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | "ആർദ്രം" മിഷന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | "ആർദ്രം" മിഷന്റെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി, കുടുംബ ഡോക്ടർ സംവിധാനത്തിലേയ്ക്ക് മാറ്റുന്നത് ലക്ഷ്യമാക്കി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | 28.03.2017 ലെ സ.ഉ (സാധാ) നം.845/2017/ആ.കു.വ പ്രകാരം 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയിട്ടുണ്ട്. |
| (സി) | ഇതിനായി ഡോക്ടർമാരെയും നേഴ്സുമാരെയും മറ്റ് അനുബന്ധ ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി 12.05.2017 ലെ സ.ഉ (കൈ) നമ്പർ 75/2017/ആ.കു.വ പ്രകാരം സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലായി 170 ഡോക്ടർമാർ, 340 സ്റ്റാഫ് നഴ്സുമാർ, 170 ലാബ് ടെക്നീഷ്യന്മാർ എന്നിവരുടെ തസ്തികകളും 22.12.2017 ലെ സ.ഉ (കൈ) നമ്പർ 188/2017/ആ.കു.വ പ്രകാരം 150 ഫാർമസിസ്റ്റുമാരുടെയും തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. പി.എസ്.സി. മുഖേന നിയമന നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ